ഹദീസ്


കെ.വി ഹിബ ഹമീദ് അൽജാമിഅഃ ശാന്തപുരം
hibahameed838@gmail.com


# പ്രാർഥന: വിശ്വാസിയുടെ അടയാളം, ആത്മാവിന്റെ പോഷണം

وعن عائشة رضي الله عنها قال رسول الله صلى الله عليه وسلم : ( إِذَا تَمَنَّى أَحَدُكُم فَلْيُكثِر ، فَإِنَّمَا يَسأَلُ رَبَّهُ عَزَّ وَجَلَّ )

**ആഇശ(റ)യിൽനിന്ന്. റസൂൽ(സ) പറഞ്ഞു: "നിങ്ങളിലൊരാൾക്ക് ആഗ്രഹമുണ്ടെങ്കിൽ ധാരാളമായി ചോദിച്ചോളൂ. കാരണം തന്റെ രക്ഷിതാവിനോടാണ് അവൻ ചോദിക്കുന്നത്" (ഇബ്നു ഹിബ്ബാൻ).**

عن ابن عباس رضي الله عنهما قال : قال النبي صلى الله عليه و سلم : أَفْضَلُ العِبَادَةِ الدُّعَاءُ

**ഇബ്നു അബ്ബാസിൽനിന്ന്. നബി(സ) പറഞ്ഞു: "ഏറ്റവും ശ്രേഷ്ഠമായ ഇബാദത്ത് പ്രാർഥനയാകുന്നു" (ഹാകിം)**

ആഗ്രഹിക്കുന്നവന്റെ തേട്ടമാണത്; പ്രതീക്ഷയോടെയുള്ള കൈനീട്ടൽ. അനുഗ്രഹങ്ങൾക്ക് നന്ദിയോതി, നന്ദികേടുകൾ ഏറ്റുപറഞ്ഞു പൊറുക്കലിനെ തേടി തന്റെ നാഥനുമായുള്ള ആത്മഭാഷണമാണത്. എല്ലാം തുറന്നു പറഞ്ഞു അടിമ തന്റെ നാഥനു മുന്നിൽ നഗ്നനാവുന്ന നിമിഷം; തുറന്നു പറച്ചിലുകൾ കൂടി വരുമ്പോൾ കൈകൾ ഉയരുന്നു, നമ്രശിരസ്കരാവുന്നു, കണ്ണുനീർ ചാലിട്ടൊഴുകുന്നു. ഹൃദയം അവനോടൊപ്പമായി നിർഭയമാവുന്നു. വിളിക്കാൻ കൽപ്പിച്ച നാമങ്ങളെല്ലാം വിളിച്ചു അവനുമായി അങ്ങേയറ്റം അടുക്കുന്ന നിമിഷം. പറഞ്ഞുവരുന്നത് പ്രാർഥനയെക്കുറിച്ചാണ്. ഇബാദത്തിന്റെ മജ്ജ എന്നാണ് റസൂൽ (സ) പ്രാർഥനയെ വിശേഷിപ്പിച്ചത്. വിശ്വാസിയുടെ അടയാളക്കുറി. ആത്മാവിന് പോഷണവുമാണത്. നിരായുധനായ വിശ്വാസിക്ക് തന്റെ ജീവിത രണാങ്കണത്തിലെ കരുത്തുറ്റ ആയുധമാണത്.

ഇസ്ലാമിക ചരിത്രത്തിലെ തിളങ്ങുന്ന അധ്യായങ്ങൾ ചില പ്രാർഥനകൾ വിശ്വാസികൾക്ക് പരിചയപ്പെടുത്തിത്തരുന്നുണ്ട്. സ്വേഛാധിപതിയായ തന്റെ ഭർത്താവ് ഫിർഔനിന്റെ കിരാതമർദനങ്ങൾക്കിടയിൽ 'നാഥാ, നിന്റെ സുബർക്കത്തിൽ എനിക്കായി ഒരു വീട് നീ ഒരുക്കേണമേ' എന്ന ഭാര്യ ആസിയബീവിയുടെ പ്രാർഥന, മത്സ്യവായിൽ അകപ്പെട്ടപ്പോൾ 'നാഥാ, ഞാൻ അക്രമകാരികളിൽ പെട്ടുപോയി 'എന്ന യൂനുസ് നബിയുടെ ഏറ്റുപറച്ചിൽ....

പടച്ചവൻ ഒരു അത്താണിയാണ്. നംറൂദിന്റെ അഗ്നി പ്രവാചകൻ ഇബ്രാഹീമിന് തണുപ്പായി മാറിയത് തന്റെ നാഥനെ അത്താണിയാക്കിയതുകൊണ്ടാണ്. ചുമടുകളേറ്റി സഞ്ചരിക്കുന്നവർക്ക് തങ്ങളുടെ ചുമടിറക്കിവെക്കാനുള്ള സ്ഥാനമാണ് അത്താണി. നമ്മളനുഭവിക്കുന്ന ഏത് പ്രയാസങ്ങളും ഇറക്കിവെക്കാനുള്ള അത്താണിയായിത്തീരണം നമ്മുടെ നാഥൻ. മുന്നിൽ ആർത്തിരമ്പുന്ന ചെങ്കടലും പിറകിൽ സായുധരായ ഫിർഔനും കിങ്കരന്മാരും. ഈ അവസ്ഥയിലും മൂസാ പ്രവാചകൻ പറഞ്ഞില്ലേ, 'എന്റെ നാഥൻ എന്റെ കൂടെയുണ്ട്, അവനെന്നെ സഹായിക്കും' എന്ന്. ഏത് സമയത്തും നമ്മെ സഹായിക്കുന്ന, എത്ര ചോദിച്ചാലും പറഞ്ഞാലും അനിഷ്ടം കാണിക്കാത്തവനാണ് നമ്മുടെ നാഥൻ. നിങ്ങളെന്നെ വിളിച്ചാൽ ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാമെന്ന് അല്ലാഹു തന്നെയാണ് നമ്മെ അറിയിച്ചത്. നിങ്ങൾ പ്രാർഥിക്കുമെങ്കിൽ അല്ലാഹു നിങ്ങളെ പരിഗണിക്കുമെന്ന പ്രതീക്ഷയുടെ പാഠം പഠിപ്പിച്ചതും അവൻ തന്നെ.

ഹിജ്റയുടെ പ്രയാസം നിറഞ്ഞ ഒരു ഘട്ടത്തിൽ സൗർ ഗുഹയിൽ സിദ്ദീഖുൽ അക്ബറിനൊപ്പം ഒളിച്ചിരിക്കവെ റസൂൽ പറഞ്ഞില്ലേ, 'ദുഃഖിക്കേണ്ട, എന്റെ നാഥനുണ്ട് കൂടെ'. നാഥനുമായുള്ള അങ്ങേയറ്റത്തെ അടുപ്പത്തിന്മേലുണ്ടാകുന്ന പറച്ചിലാണത്. ഏതു പ്രതിസന്ധിഘട്ടത്തിലും കൂടെ നാഥനുണ്ടെന്ന ബോധം. 'നിങ്ങളെന്നെ ഓർക്കൂ, ഞാൻ നിങ്ങളെയും ഓർക്കാം' എന്നല്ലേ നാഥൻ പഠിപ്പിച്ചത്? നാഥൻ നമ്മെക്കുറിച്ചോർക്കുന്ന നിമിഷം; ഏന്തൊരനുഭൂതിയായിരിക്കും ആ സമയത്ത് നമ്മളനുഭവിക്കുക. ജീവിതത്തിലെപ്പോഴും അല്ലാഹു കൂടെയുണ്ടെന്ന ബോധം നിലനിർത്താൻ സഹായിക്കുന്ന ഒരു തിരുവചനമുണ്ട്.

ഒരിക്കൽ ഇബ്നുഅബ്ബാസി (റ)നോട് നബി (സ) പറയുകയാണ്; 'കുട്ടീ, ഞാൻ നിനക്ക് കുറച്ച് കാര്യങ്ങൾ പറഞ്ഞുതരാം. നീ അല്ലാഹുവിനെ മനസ്സിൽ കൊണ്ടുനടക്കണം. അവൻ നിന്നെയും അപ്രകാരം കൊണ്ടുനടക്കും. നീ അല്ലാഹുവിനെ മനസ്സിൽ സൂക്ഷിച്ചാൽ അവനെ നിനക്ക് നിന്റെ മുന്നിൽ കാണാനാകും. നീ എന്തെങ്കിലും ചോദിക്കുന്നുവെങ്കിൽ അല്ലാഹുവിനോട് ചോദിക്കണം. നീ എന്തിൽനിന്നെങ്കിലും സംരക്ഷണം ആഗ്രഹിക്കുന്നുവെങ്കിൽ അവനോട് മാത്രം രക്ഷതേടണം. നീ അറിയണം, നിനക്ക് ചുറ്റുമുള്ളവരെല്ലാം ഒത്തുചേർന്ന് നിനക്കൊരു ഉപകാരം ചെയ്യണമെന്ന് തീരുമാനിക്കുകയാണ്. എന്നാൽ ആ ഉപകാരം നിനക്ക് കിട്ടണമെന്ന് അല്ലാഹു തീരുമാനിച്ചിട്ടില്ലെങ്കിൽ നിനക്കത് ലഭിക്കുകയില്ല തന്നെ. ഇനി മുഴുവനാളുകളും ചേർന്ന് നിന്നെ ഉപദ്രവിക്കണമെന്ന് തീരുമാനിക്കുകയാണ്. അല്ലാഹു അത് തീരുമാനിച്ചിട്ടില്ലെങ്കിൽ നിനക്കൊരാപത്തും വരുത്താൻ അവർക്കാകില്ല തന്നെ'. അതുകൊണ്ട് എന്തിനും ഏതിനും എപ്പോഴും അല്ലാഹുവിനോട് തേടുന്നവരാകുക. ●